(സി) തീരമൈത്രി പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ ആരംഭിച്ചിട്ടുള്ള എല്ലാ യൂണിറ്റുകളും മെച്ചപ്പെട്ട നിലവാരത്തിൽ പ്രവർത്തിക്കാൻ തുടർസഹായം ആവശ്യമാണ് എന്ന് കണ്ടെത്തുകയുണ്ടായി. സ്ഥിരതയുള്ള ഒരു വരുമാന മാർഗ്ഗമായി ഇപ്പോൾ ആരംഭിച്ചിട്ടുള്ളതും ഇനി ആരംഭിക്കാൻ പോകുന്നതുമായ സംരംഭങ്ങളെ മാറ്റിത്തീർക്കുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ പ്രവർത്തന പദ്ധതി രൂപപ്പെടുത്തി നടപ്പാക്കിവരുന്നു. ഈ പദ്ധതിക്കായി 2010-11 ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ഫണ്ട് വിനിയോഗം

25(*206) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി നൽകിയിരുന്ന ഫണ്ട് ഏതൊക്കെ ജില്ലകളിൽ ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്കായുള്ള അധിക ഫണ്ട് ലഭിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ടോ ;

(സി) ആദ്യ ഗഡുവിന്റെ എത്ര ശതമാനം ചെലവഴിച്ച ശേഷമാണ് അടുത്ത ഗഡുവിനായി അപേക്ഷ നൽകേണ്ടത് ;

(ഡി) ഈ പദ്ധതിക്ക് ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന വസ്തുത കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതിക്കായി രണ്ടാം ഗഡു അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നത് ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് തൃശ്ശൂർ, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ചു.

(ബി) ഉണ്ട്.

(സി) 60%.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഔതിക-ധനകാര്യ പുരോഗതി റിപ്പോർട്ടുകൾ, സംസ്ഥാന വിഹിതം റിലീസ് ചെയ്തതിന്റെ സർട്ടിഫിക്കറ്റ്, മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടും വിനിയോഗ സർട്ടിഫിക്കറ്റും എന്നിങ്ങനെ 12 ഇനങ്ങൾ അടങ്ങിയ മുന്നുപാധികളുടെ വിവരം ഈ വർഷം മുതലുള്ള പ്രൊപ്പോസലുകളോടൊപ്പം സമർപ്പിക്കണമെന്ന് കേന്ദ്രസർക്കാർ 28-10-2010-ലെ കത്തിലൂടെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടായിരുന്നു.

(എഫ്) എല്ലാ ജില്ലകളിലും രണ്ടാം ഗഡു അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ല മുന്നാം ഗഡുവിനായും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

തീർത്ഥാടന ടൂറിസം

26(*208) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പുരാതനമായ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഏറ്റെടുത്ത 20 പദ്ധതികളുടേയും ഇതിനകം വികസനം നടത്തിയവയുടെയും വിശദാംശം അനുബന്ധം ആയി നൽകുന്നു.*

(ബി) പുരാതനമായ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു നിലവിൽ പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പാക്കുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിലും തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയിലും ഉൾപ്പെടുത്തി പുരാതനമായ ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly